ജ

# സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസ്,
എസ്റ്റേറ്റ് വകുപ്പ്,
തിരുവനന്തപുരം-1, 0471-2337790

## പുനർ ലേലപരസ്യം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ഉള്ളൂർ ഗ്രൂപ്പിലെ വലിയഉദയാദിച്ചപുരം ദേവസ്വം സദ്യാലയത്തിലെ പഴയ ഭജനമഠം പൊളിച്ചുമാറ്റികൊണ്ടു പോകുന്നതിന് **15/07/2019** പകൽ **11** മണിക്ക് ടി ദേവസ്വത്തിൽവച്ച് പരസ്യമായി ലേലം ചെയ്യുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ (ആധാർ കാർഡ് ഉൾപ്പെടെ) 10,000/-രൂപ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്. ടി തുകയ്ക്കുള്ള നിരതദ്രവ്യത്തോട്കൂടി മത്സരസ്വഭാവമുള്ള ക്വട്ടേഷനുകളും ലേലസമയത്തിന് മുമ്പാകെ ഹാജരാക്കാവുന്നതാണ്. ഏറ്റവും കൂടുതൽ തുകയ്ക്ക് വിളികേൾക്കുന്ന/ക്വട്ടേഷൻ നൽകുന്ന ആളിന്റെ പേരിൽ ലേലനടപടികൾ അവസാനിപ്പിക്കുന്നതും, ലേലം കൊള്ളുന്ന വ്യക്തി ലേല തുകയുടെ 50% തുക അന്നുതന്നെ ഡിപ്പാർട്ടുമെന്റിൽ അടയ്ക്കേണ്ടതാണ് (18% ജി.എസ്.റ്റി). ലേലം/ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതിനും, നിരാകരിക്കുന്നതിനുമുള്ള പരമാധികാരം ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കും. ദേവസ്വം ബോർഡിൽ നിന്നും ലേലം അംഗീകരിച്ച തീയതിമുതൽ 10 ദിവസത്തിനകം ടി കെട്ടിടം തറനിരപ്പിൽനിന്നും പൊളിച്ചുമാറ്റി ദേവസ്വം കോമ്പൗണ്ടിൽനിന്നും കൊണ്ടുപോകേണ്ടതാണ്. ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഈ ആഫീസുമായോ, ഉള്ളൂർ അസിസ്റ്റന്റ് എഞ്ചിനീയർ/ അസിസ്റ്റന്റ് കമ്മീഷണർ ആഫീസുമായോ, വലിയഉദയാദിച്ചപുരം ദേവസ്വം ആഫീസുമായോ (www.travancoredevaswomboard.org) സൈറ്റിൽനിന്നും അറിയാവുന്നതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി,

Sd/-

**സി.റ്റി. പത്മകുമാർ**
എക്സിക്യൂട്ടീവ് എഞ്ചിനീയർ
എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസ്,
തിരുവനന്തപുരം-1
0471-2337790

തിരുവനന്തപുരം
09/07/2019